
# BROAD HORIZON

**Little to the "BROAD HORIZONS"**

## GVHSS NANDIKKARA



# കരഘോഷം മുഴങ്ങട്ടെ................

# നന്തിക്കരയുടെ സ്വപ്നസാക്ഷാത്കാരം



# താളുകളിലൂടെ........

* എഡിറ്റോറിയൽ........................................... 4
* അണിയറയിൽ........................................... 5
* സന്ദേശം................................................. 6
* കരഘോഷം.............................................. 7
* അധ്യാപകദിനാശംസകൾ.............................. 8
* സ്കൂൾ പ്രവർത്തനങ്ങൾ.................................. 9
* സ്കൂൾ പത്രം.............................................. 10
* ഇവർ ഞങ്ങളുടെ അഭിമാനതാരങ്ങൾ................ 15
* ഇൻസ് പെയർ അവാർഡ് ജേതാക്കൾ............ 16
* കുപ്പൈകൈ................................................ 17
* കല്ല്യണവീടും ഒരു രൂപയും (കഥ).................... 18
* ചിത്രരചന................................................ 19
* പെരുവെള്ളം(കവിത)................................... 21
* തുമ്പിക്കൈ................................................ 22
* ഡിജിറ്റൽ പെയിന്റിങ്ങ്.................................. 23
* മരം ഒരു വരം(കഥ)..................................... 24
* ജീവജലം.................................................. 25
* ചിത്രരചന................................................ 26
* സ്നേഹ ഹസ്തങ്ങൾ........................................ 27
* സമയം...................................................... 30
* കുട........................................................ 31
* ആഴക്കടൽ................................................. 32
* നന്ദി........................................................ 33


# എഡിറ്റോറിയൽ

**പൊതു വിദ്യാഭ്യാസരംഗം ഹൈടെക്ക് ആക്കിയതിനോടനുബന്ധിച്ച് നമ്മുടെ വിദ്യാർത്ഥികൾ കൈവരിച്ച വിവര വിനിമയ സാങ്കേതികവിദ്യയുടെ മികവാണ് ഈ മാഗസിൻ. സ്വന്തം രചനകൾ, വിവര വിനിമയ സാങ്കേതിക വിദ്യയുടെ സഹായത്തോടെ ഡിജിറ്റലൈസ് ചെയ്ത് അവതരിപ്പിക്കാൻ നമ്മുടെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ പ്രാപ്തരായി കഴിഞ്ഞു എന്ന സന്തോഷത്തോടെ ഈ മാഗസിൻ നിങ്ങൾക്ക് സമർപ്പിക്കുന്നു.**



# അണിയറയിൽ.........

- കെ രാജൻ (ചീഫ് എഡിറ്റർ)
- സീമ എം  (സ്റ്റാഫ് എഡിറ്റർ)
- ദിവ്യ പി കെ(സ്റ്റാഫ്എഡിറ്റർ)
- മേഘ ഫെലിക്സ് 9B
- എയ്ഞ്ജൽ റോസ് 9B
- അമയനന്ദ 8B
- അദ്വൈത് 9C
- ആഷിഷ് വി മാർട്ടിൻ 7B
- അനന്ത് ശങ്കർ 9B
- കൃഷ്ണകുമാർ ( കവർ പേജ് )10A



# സന്ദേശം

**ഒരു നൂറ്റാണ്ടു കാലം ഒരു പ്രദേശത്തിനു വെളിച്ചം നൽകിയ നന്തിക്കര സർക്കാർ വിദ്യാലയം പോലെയുള്ള പൊതുവിദ്യാലയങ്ങൾ കൂടുതൽ ശക്തമാകേണ്ടതിന്റെ ആവശ്യകത ബോധ്യമാക്കാനാണ് സാംസ്കാരിക കേരളം ഇരുണ്ട കേരളമാകുന്ന വ്യഥ പങ്കുവച്ചത്.മികച്ച പ്രവർത്തനങ്ങളിലൂടെ നേടിയെടുത്ത മികച്ച പ്രതിച്ഛായയിൽ മികവിന്റെ തീരമായി നമ്മുടെ വിദ്യാലയം മാറിയിരിക്കുന്നു.കുട്ടികൾ കുറഞ്ഞ് പൊതുവിദ്യാലയങ്ങൾ അടഞ്ഞുപോകുമ്പോൾ കഴിഞ്ഞ രണ്ടു വർഷങ്ങളിൽ 320 കുട്ടികളുടെ വർദ്ധനയിൽ നന്തിക്കര വിദ്യാലയം ആകർഷകമായ രൂപ-ഭാവമാറ്റത്തോടെ തലയുയർത്തി നില്ക്കുന്നു. മികച്ച പ്രവർത്തനങ്ങളുടെ സാക്ഷ്യപ്പെടുത്തലാണ് ഈ വിദ്യാലയ ജേണൽ ........**

## "BROAD HORIZON"



കെ രാജൻ
പ്രധാനാധ്യാപകൻ
നന്തിക്കര സർക്കാർ വിദ്യാലയം

# കരഘോഷം

പൊതുവിദ്യാലയം ആകർഷകമാക്കാൻ നന്തിക്കര സർക്കാർ വിദ്യാലയം ആവിഷ് ക്കരിച്ച തനത് പദ്ധതിയാണ് "കരഘോഷം". പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ പൊലിമ വർദ്ധിപ്പിച്ചുകൊണ്ട് ഒട്ടേറെ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. കരഘോഷത്തിന്റെ പ്രവർത്തനഫലമായിട്ടാണ് നന്തിക്കര ഹൈസ്കൂൾ ആയിരം കുട്ടികളുടെ നാഴികകല്ല് പിന്നിട്ടത്.പ്രീ പ്രൈമറിയിലും, പ്രൈമറിയിലും അപ്പർ പ്രൈമറിയിലും, ഹൈസ് ക്കൂളിലും വളരെ കുട്ടികൾ കൂടുകയും 15 ഓളം അധ്യാപകർക്ക് പുതുതായി നിയമനം കിട്ടുകയും ചെയ്തു.

ശനിയാഴ്ച്ച ശില്പശാലകൾ, പാഠപുസ്തകങ്ങളുടെ പ്രവർത്തനങ്ങളുടെ വിപുലീകരണത്തെ ഉദ്ദേശിച്ചുകൊണ്ട് നടപ്പിലാക്കി വരുന്നു.

അവധിദിനങ്ങളിൽ ശില്പശാലകൾ:-

- സംഗീത ശില്പശാല
- ചിത്രരചന ശില്പശാല
- പഠനോപകരണ നിർമ്മാണ ശില്പശാല
- എ പ്ലസ്സ് പരീക്ഷയിലും ജീവിതത്തിലും
- കയ്യെഴുത്ത് മാസിക ശില്പശാല

കൂടാതെ.......

- അമ്മമാരുടെ സഹകരണത്തോടെയുള്ള ഉച്ചഭക്ഷണം
- വിഷരഹിത കറിവേപ്പില
- പിറന്നാൾ ആശംസകൾ
- പ്രതിമാസ മെറിറ്റ് ഡേ യും  ക്ലാസ്സ് പി ടി എ  യും
- സാന്ത്വനഹസ്തം
- സഹപാഠിക്കൊരു പ്രാതൽ

എന്നീ പരിപാടികൾ  തനത് പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു.

# അധ്യാപകദിനാശംസകൾ

ഞങ്ങൾ ..........

50 കഴിഞ്ഞവർക്ക്

വിദ്യാലയജീവിതം കയ്‌ പേറിയതാണ്.

പക്ഷേ

മാനവികതയുടെ മഹാപാഠം പഠിപ്പിക്കുന്നതായിരുന്ന

ഞങ്ങളുടെ ആ മഹാവിദ്യാലയം

ഒരു പ്രദേശത്തെ എല്ലാവരേയും രഞ്ജിപ്പിച്ച കൊണ്ടു പോകുന്ന

രാജാക്കന്മാരായിരുന്ന അധ്യാപകർ....

രാജക്കന്മാർ നാടുനീങ്ങിയ കാലത്തിൽ അധ്യാപകപര്യായമാകാൻ പറ്റിയ

ഒരു പദമുണ്ടെങ്കിൽ അതു രാജൻ എന്നമാണ്.

വിശപ്പിന്റെ വിളിയിൽ മഞ്ഞ ഉപ്പുമാവിന്റെ സുഗന്ധമെന്നം.....

എം ടി യുടെ ഒരു കഥാപാത്രം ചോദിക്കുന്നുണ്ട്. ...

ജീവിതത്തിൽ ഏറ്റവും ഹൃദ്യമായ സുഗന്ധം ഏതാണെന്ന്.....

മറുപടിയും ഉണ്ട്.

അരി വാർക്കുന്ന മണം,

അരി തിളച്ച് ഉയരുന്ന മത്തുപിടിപ്പിക്കുന്ന സുഗന്ധം...........

ആ സൗരഭ്യം തിരിച്ചറിഞ്ഞ എത്ര പേർ........ എത്ര പേർ........

എന്റെ സഖേ....

നിന്റെ കൂട്ടായ്മയിൽ ഉണ്ട് ???

അവരാകട്ടെ നിന്റെ അധ്യാപകദിനാശംസകർ.................

അവർക്കാകട്ടെ നിന്റെ അധ്യാപകദിനാശംസകൾ...

അവർ പറയട്ടെ

നിന്റെ അധ്യാപക ദിനങ്ങളുടെ വിളംബരഗാഥകൾ..

കെ രാജൻ

പ്രധാനാധ്യാപകൻ

നന്തിക്കര സർക്കാർ വിദ്യാലയം

"കരഘോഷം"

# സ്കൂൾ പ്രവർത്തനങ്ങൾ









# സ്കൂൾ പത്രം

## നീന്തൽ സാക്ഷരതയജ്ഞം




നന്തിക്കര:- പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി എല്ലാവർക്കും നീന്തൽ സാക്ഷരത ലഭ്യമാക്കി നന്തിക്കര സർക്കാർ വിദ്യാലയത്തിലെ ഈ വർഷത്തെ നീന്തൽ പരിശീലനം ആരംഭിച്ചു.ഫയർ ആന്റ് സേഫ് റ്റി വിഭാഗത്തിന്റെ മേൽനോട്ടത്തിൽ അധ്യയന സമയം കഴിഞ്ഞും അവധിദിവസങ്ങളിലുമാണ് പരിശീലനം. പരിശീലനം പൂർത്തിയാക്കുന്നവർക്ക് ഫയർ ആന്റ് സേഫ് റ്റി സർട്ടിഫിക്കറ്റുകൾ നൽകും. കടലും കായലും തോടും പുഴയും കുളവും നിറഞ്ഞ കേരളത്തിൽ വെള്ളത്തിൽ പൊലിയുന്ന ജീവനുകൾക്കുള്ള നന്തിക്കരയുടെ ഈ പ്രതിരോധത്തിന് പരിപൂർണ്ണ സാമ്പത്തിക പിന്തുണ നൽകുന്നത് പറപ്പൂക്കര ഗ്രാമ പഞ്ചായത്താണ്. ഒരു ബാച്ചിൽ 33 പേർക്ക് 10 ദിവസത്തെ പരിശീലനമാണ് നൽകുന്നത്.

## തൃശ്ശൂർ റവന്യൂ ജില്ല പ്രവേശനോത്സവം നന്തിക്കര സർക്കാർ വിദ്യാലയത്തിൽ




നന്തിക്കര.:- തൃശ്ശൂർ റവന്യൂ ജില്ലതല പ്രവേശനോത്സവം ഇരിഞ്ഞാലക്കട ബി .ആർ .സി തല പ്രവേശനോത്സവം , പറപ്പൂക്കര ഗ്രാമ പഞ്ചായത്ത് തല പ്രവേശനോത്സവം എന്നിവ സംയുക്തമായി നന്തിക്കര ഗവ. ഹൈസ്കൂളിൽ വെച്ച് നടന്നു.പൊതുവിദ്യാലയങ്ങൾ ജനങ്ങളുടെ വിശ്വാസ്യത നേടിക്കൊടുത്ത് സ്വയം കരുത്താർജിക്കണമെന്ന് തൃശ്ശൂർ എം പി. സി എൻ ജയദേവൻ പരിപാടി ഉദ്ഘാടനം ചെയ്തുകൊണ്ട് പറഞ്ഞു. ചടങ്ങിൽ അധ്യക്ഷത വഹിച്ച തൃശ്ശൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഷീല വിജയകുമാർ വിദ്യാലയത്തിന്റെ ഉന്നമനത്തിന് ആവശ്യമായ എല്ലാ സഹായങ്ങളും വാഗ്ദാനം ചെയ്തു. അറിവിന്റെ ആദ്യാക്ഷരം കുറിക്കാനെത്തിയ കുരുന്നുകളെ വരവേൽക്കുവാനായി ഒരുക്കിയ വർണ്ണാഭമായ പ്രവേശനോത്സവത്തിൽ മുഖ്യാതിഥിയായി എത്തിയത് ജയരാജ് വാര്യർ ആണ്.ജില്ലാപഞ്ചായത്ത് അംഗം ടി.ജി ശങ്കരനാരായണൻ ,പറപ്പൂക്കര ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് കാർത്തിക ജയൻ, ഇരിഞ്ഞാലക്കട ബ്ലോക്ക് പഞ്ചായത്തംഗം പി.വി കുമാരൻ, വാർഡ് മെമ്പർ കെ കെ രാജൻ , പി.ടി.എ പ്രസിഡന്റ് എം ആർ ഭാസ്കരൻ.

## '_പൂർവ്വസൂരീയം_'
## പൂർവാധ്യാപക വാർഷികസംഗമം



നന്തിക്കര. നന്തിക്കര സർക്കാർ വിദ്യാലയത്തിലെ കരഘോഷം പരിപാടിയുടെ ഭാഗമായി സംഘടിപ്പിച്ച 'പൂർവ്വസൂരീയം 'പൂർവാധ്യാപക വാർഷികസംഗമത്തിന്റെ വാർഷികാഘോഷം ഹെഡ് മാസ്റ്റർ . കെ രാജൻ ഉദ്ഘാടനം ചെയ്തു. പി.ടി.എ പ്രസിഡന്റ് എം .ആർ .ഭാസ്കരൻ അധ്യക്ഷത വഹിച്ച യോഗത്തിൽ പൂർവാധ്യാപകരായ ലീല തോമസ് ,ടി പി രാമകൃഷ്ണൻ , മാധവവാര്യർ ,കെ ഉഷാദേവി, സി എസ് മോഹൻദാസ്, കെ വി രാമൻകുട്ടി. എന്നിവർ പ്രസംഗിച്ചു. വിവിധ മേഖലകളിൽ വിദ്യാലയം നേടിയ മികവുകളെ യോഗം അഭിനന്ദിച്ചു. കഴിഞ്ഞ വർഷം അധ്യാപകർക്കായി പൂർവാധ്യാപകർ 24 കബോർഡുകളാണ് നൽകിയത്.ഈ വർഷം 100 പ്ലാസ്റ്റിക് കസേരകൾ നൽകാനും കൂട്ടായ്മ തീരുമാനിച്ചു.

## സഞ്ചയിക നിക്ഷേപ പദ്ധതി

നന്തിക്കര:- തുടക്കത്തിൽ 200 കുട്ടികൾ അംഗങ്ങളായുള്ള ഈ പദ്ധതിയിൽ 2016-17 അധ്യയനവർഷത്തിൽ 100% കുട്ടികളെയും അംഗങ്ങളാക്കി പദ്ധതി വിപുലപ്പെടുത്തി. 2016-17 അധ്യയനവർഷത്തിൽ Rs.21,9178 രൂപ നിക്ഷപം സമാഹരിച്ചു. ഇത് 2017-18 ൽ Rs. 33.8070 രൂപയായി ഉയർന്നു. സ് കൂളിലെ മുഴുവൻ കുട്ടികളും അംഗങ്ങളായുള്ള ഈ പദ്ധതി നല്ല രീതിയിൽ നിക്ഷപം നടത്തി വരുന്നു.



# തിളപ്പിച്ചാറിയ കുടിവെള്ളവിതരണം


2016-17 അധ്യയന വർഷ വരുന്നു.

തിളപ്പിച്ചാറിയ കുടിവെള്ളവിതരണം

നന്തിക്കര: പല പകർച്ചവ്യാ പദ്ധതിയാണ് 'തിളപ്പിച്ചാറിയ

നന്തിക്കര.:-പല പകർച്ചവ്യാധികളും കുട്ടികളുടെ ഇടയിൽ ഉണ്ടാകുന്നതിന്റെ ഒരു കാരണം ജലത്തിലൂടെ രോഗാണുക്കൾ ശരീരത്തിൽ എത്തുന്നതാണ്.തിളപ്പിച്ചാറിയ കുടിവെള്ളം ഉപയോഗിക്കുന്നത് വഴി രോഗാണുക്കൾ ശരീരത്തിൽ എത്തുന്നത് ഒരു പരിധി വരെ കുറക്കാൻ കഴിയും.നന്തിക്കര ഗവ. ഹയർ സെക്കന്ററി സ്കൂളിൽ കഴിഞ്ഞ അധ്യയനവർഷം ആരംഭിച്ച പദ്ധതിയാണ് തിളപ്പിച്ചാറിയ കുടിവെള്ളം നൽക്കൽ. ഇന്നും ഈ പദ്ധതി സുഗമമായി തുടരുന്നു. തിളപ്പിച്ചാറിയ കുടിവെള്ളം കുട്ടികൾക്ക് ഉപയോഗിക്കുന്നതിനായി അഞ്ച് വലിയ ടംബ്ലറുകൾ സ്കൂളിന്റെ വിവിധ വരാന്തകളിൽ ക്രമീകരിച്ചിരിക്കുന്നു. കുട്ടികൾ തന്നെ രാവിലെ ക്ലാസ് തുടങ്ങുന്നതിനു മുമ്പ് ഇതിൽ വെള്ളം നിറക്കുന്നു. വിദ്യാലയ നന്മ ഗ്രൂപ്പിന്റെ നേതൃത്വത്തിലാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്.

# വനിത ദിനത്തിൽ വിദ്യാർത്ഥികളുടെ തായ് ക്കൊണ്ടാ പരിശീലനം.



നന്തിക്കര.:വനിതശാക്തികരണത്തിന്റെ ഭാഗമായി പെൺകുട്ടികൾക്ക് സ്വയം പ്രതിരോധനത്തിനായി ആർ.എം.എസ് എ നന്തിക്കര സർക്കാർ വിദ്യാലയത്തിൽ ആരംഭിച്ച തായ് ക്കൊണ്ടാ പരിശീലനം പൂർത്തിയായി. 25 ദിവസത്തെ പരിശീലന സമാപനം ആർ.എം.എസ് എ അസി.പ്രൊജ്ക്റ്റ് ഓഫീസർ സി. കമലാദേവി ഉദ്ഘാടനം ചെയ്തു.പരിശീലനം പൂർത്തിയാക്കിയവരുടെ തായ് ക്കൊണ്ടാ പ്രകടനവും ഉണ്ടായി.സവിശേഷ യൂണിഫോമിൽ അണിനിരന്ന പ്രകടനക്കാർക്ക് പ്രാഥമികഘട്ട സർട്ടിഫിക്കറ്റ് നൽകി.

2018 സെപ്റ്റംബർ 05 • ബുധനാഴ്ച മാതൃഭൂമി

## വെള്ളപ്പൊക്കത്തിൽ പുസ്തകം നഷ്ടപ്പെട്ട കുട്ടികൾക്ക് ഉടൻ നൽകും -മന്ത്രി രവീന്ദ്രനാഥ്

**നന്തിക്കര** ▸ വെള്ളപ്പൊക്കത്തിൽ പാഠപുസ്തകം നഷ്ടപ്പെട്ട എല്ലാ കുട്ടികൾക്കും അവ ഉടൻ നൽകുമെന്ന് മന്ത്രി സി. രവീന്ദ്രനാഥ് അറിയിച്ചു. പാഠപുസ്തക വിതരണത്തിന്റെ ജില്ലാതല ഉദ്ഘാടനം നന്തിക്കര ഗവ.സ്കൂളിൽ മന്ത്രി സി. രവീന്ദ്രനാഥ് നിർവഹിച്ചു. അഞ്ചുജില്ലകളിൽ പാഠപുസ്തക വിതരണം ആരംഭിച്ചുവെന്നും മന്ത്രി പറഞ്ഞു.

നന്തിക്കര സ്കൂളിലെ 800 കുട്ടികളുടെ പഠനോപകരണങ്ങൾ പ്രളയത്തിൽ നശിച്ചു. തമിഴ്നാട് കുറിച്ചി ജില്ലയിലെ ലയൺസ് ക്ലബ്ബിന്റെ നേതൃത്വത്തിൽ 600 കുട്ടികൾക്ക് ബാഗും നോട്ടുബുക്കുകളും വിതരണം ചെയ്തു.



▶ വെള്ളപ്പൊക്കത്തിൽ പാഠപുസ്തകം നഷ്ടപ്പെട്ട കുട്ടികൾക്ക് മന്ത്രി സി. രവീന്ദ്രനാഥ് പുസ്തകവിതരണം നടത്തുന്നു

പറപ്പൂക്കര പഞ്ചായത്ത് പ്രസിഡന്റ് കാർത്തിക ജയൻ, ബി.എസ്.എൻ.എൽ. തൃശ്ശൂർ പ്രിൻസിപ്പൽ ജനറൽ മാനേജർ രാജേന്ദ്രൻ, ലയൺസ് ക്ലബ്ബ് ജില്ലാ വൈസ് ഗവർണർ ആർ.എൻ. കരുണാനിധി, തമിഴ്നാട്ടിലെ കേരള പ്രളയദുരിതാശ്വാസപദ്ധതി കോ-ഓർഡിനേറ്റർ മെക്സൺ ബാലു, കെ.കെ. രാജൻ, എം.ആർ. ഭാസ്കരൻ, വി.എസ്. വേണു എന്നിവർ പ്രസംഗിച്ചു.

2018 സെപ്റ്റംബർ 27 • വ്യാഴാഴ്ച മാതൃഭൂമി

## പ്രളയദുരിതം നേരിട്ടവർക്ക് കിടക്ക നൽകി



▶ തൃശ്ശൂർ സൗഹൃദക്കൂട്ടായ്മയുടെ സഹകരണത്തോടെ കിടക്ക വിതരണം ചെയ്യുന്നു

**നന്തിക്കര** ▸ പ്രളയത്തെത്തുടർന്ന് വീട്ടുസാമഗ്രികൾ നഷ്ടപ്പെട്ട് ദുരിതമനുഭവിക്കുന്ന നന്തിക്കര ഗവ. സ്കൂൾ വിദ്യാർഥികൾക്ക് കിടക്കനൽകി.

തൃശ്ശൂർ സൗഹൃദക്കൂട്ടായ്മയുടെ സഹകരണത്തോടെ രണ്ടു ലക്ഷം രൂപ ചെലവിട്ട് 106 കുട്ടികൾക്കാണ് കിടക്ക നൽകിയത്. പ്രധാനാധ്യാപകൻ കെ. രാജൻ വിതരണം ഉദ്ഘാടനം ചെയ്തു. കെ. സതീഷ്, രാജേഷ് മുട്ടത്ത്, പി.വി. ഉണ്ണികൃഷ്ണൻ, വിനോദ് കുറുമാലി, കെ.കെ. ലീന, രജനി ബി. മേനോൻ എന്നിവർ നേതൃത്വം നൽകി.

## ലോഗിൻ ചെയ്തപ്പോൾ തൃശ്ശൂരും

▸2016-ലാണ് സംസ്ഥാനത്ത് ഹൈടെക് പദ്ധതി എന്ന ആശയം വലിയതോതിൽ ചർച്ചയായത്. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞവുമായി ഇത് കോർത്തിണക്കിയാൽ നന്നാവും എന്ന കാഴ്ചപ്പാടാണ് വലിയൊരു വിപ്ലവത്തിന്റെ തുടക്കമായി മാറിയത്. സംസ്ഥാനത്തെ നാലു നിയോജ മണ്ഡലങ്ങളിലെ ഓരോ സ്കൂളുകൾ പരീക്ഷണാടിസ്ഥാനത്തിൽ തിരഞ്ഞെടുത്തു. അതിൽ നിലവിലെ വിദ്യാഭ്യാസമന്ത്രിയുടെ മണ്ഡലമായ പുതുക്കാടും ഉണ്ടായിരുന്നു.

ഇവിടത്തെ നന്തിക്കര ഗവ. ഹയർ സെക്കൻഡറി സ്കൂളിനാണ് ആ ഭാഗ്യമുണ്ടായത്. ഹൈസ്കൂളിലെ ഒമ്പത് ക്ലാസ് മുറികളിലും ഹയർസെക്കൻഡറിയിലെ എട്ട് മുറികളിലും പ്രൊജക്ടറും സ്ക്രീനും ലാപ്ടോപ്പും അടക്കം നിരന്നപ്പോൾ അതൊരു വിസ്മയമായിരുന്നു. സർക്കാർ സ്കൂളിൽ ഇങ്ങനൊക്കെ ഉണ്ടാവുമോ എന്ന ധാരണയാണ് ഇതുവഴി മാറിയത്.

അധ്യയന വർഷത്തിന്റെ അവസാന ടേമിലാണ് സ്കൂൾ പൂർണമായും സ്മാർട്ടായത്. വിദ്യാഭ്യാസവകുപ്പ് അധ്യാപകരെ അപ്പോഴേക്കും ഐ.ടി. പരിശീലനം നൽകി സജ്ജരാക്കിയിരുന്നു. അക്കൊല്ലം പൂർണ പ്രയോജനം നേടാനായില്ലെങ്കിലും പുത്തൻ കാഴ്ചപ്പാട് പഠനത്തിൽ എത്രമാത്രം ചലനമുണ്ടാക്കും എന്ന് വിദ്യാഭ്യാസവകുപ്പ് നിരീക്ഷിച്ചു.

പഠിക്കാനുള്ളത് സ്ക്രീനിൽ വന്നപ്പോൾ കുട്ടികളിൽ കണ്ട ആവേശം പ്രത്യേകം ശ്രദ്ധിച്ചു. പഠനത്തിനിടയിലെ കൊച്ചുകൊച്ചു കുസൃതികൾ കുറഞ്ഞു. ഇങ്ങോട്ടു ശ്രദ്ധിച്ചേ എന്ന് അധ്യാപകന് പലവട്ടം പറഞ്ഞുകൊണ്ടിരിക്കേണ്ട സ്ഥിതി മാറി. ക്ലാസിൽ ഉറക്കംതൂങ്ങുന്ന കുട്ടികളുടെ എണ്ണം പൂജ്യത്തിലേയ്ക്കു താണു. സ്മാർട്ടായ കുട്ടികൾ സ്മാർട്ട് ക്ലാസിനു വേണ്ടി അധ്യാപകർക്കു പിന്നാലെ നടന്നു. നന്തിക്കര ഉൾപ്പെടെ സംസ്ഥാനത്ത് പദ്ധതി നടപ്പാക്കിയ നാലു സ്കൂളുകളിലും ഇതേ പുരോഗതി ദൃശ്യമായി. ധൈര്യമായി സംസ്ഥാനത്ത് എല്ലായിടത്തേക്കും പദ്ധതി വ്യാപിക്കാമെന്ന ആത്മവിശ്വാസം വിദ്യാഭ്യാസ വകുപ്പിനുണ്ടായി.

## പറപ്പൂക്കരയിൽ കിണർവെള്ളം പരിശോധിക്കാൻ വിദ്യാർഥികൾ

**പറപ്പൂക്കര** ▸ പഞ്ചായത്തിൽ പ്രളയബാധിതപ്രദേശങ്ങളിലെ വീട്ടുകിണറുകളിലെ വെള്ളം ഉപയോഗയോഗ്യമാണോ എന്ന് സൗജന്യമായി പരിശോധിച്ച് നൽകി വിദ്യാർഥികൾ. നന്തിക്കര ഗവ. വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിലെ വിദ്യാർഥികളാണ് 'ബ്ലൂ ആർമി' എന്ന പേരിൽ സേവനം നടത്തിയത്.

മുഴുവൻ വീടുകളിലും നേരിട്ടെത്തിയ സംഘം വെള്ളം കുപ്പികളിൽ ശേഖരിച്ച് സ്കൂൾ ലാബിൽ പരിശോധന നടത്തി, പരിശോധനാഫലം വീട്ടുകാർക്ക് നൽകി. ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർ പി.ഡി. സിന്ധു ഉദ്ഘാടനം ചെയ്തു. പ്രധാനധ്യാപകൻ കെ. രാജൻ




▶ പറപ്പൂക്കരയിലെ വീട്ടുകിണറുകളിൽനിന്ന് വെള്ളം പരിശോധനയ്ക്കായി നന്തിക്കര ഗവ. സ്കൂളിലെ വിദ്യാർഥികൾ ശേഖരിക്കുന്നു

അധ്യക്ഷത വഹിച്ചു. പരിസ്ഥിതി പ്രവർത്തകൻ വി.കെ. ശ്രീധരൻ, കെ.കെ. ലീന, കെ. ശ്രീലത, കെ.എം. മഞ്ജു, വിനോദ് കുറുമാലി എന്നിവർ നേതൃത്വം നൽകി.

ദേശാഭിമാനി 2018 മെയ് 9 ബുധൻ




**പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം ആദ്യ വർഷം പിന്നിട്ടപ്പോൾ തന്നെ 1,45,00 കുട്ടികൾ പുതിയതായി ചേർന്നു. 2020-21 ആകുമ്പോൾ നവാഗതർ പത്തു ലക്ഷമായി വർധിക്കുമെന്നാണ് പ്രതീക്ഷ**

# ‘നന്തിക്കര മോഡൽ’ 14,000 പൊതു വിദ്യാലയങ്ങളിലേക്ക്

**വി എം രാധാകൃഷ്ണൻ**

**തൃശൂർ**

1857ലെ ഒന്നാം സ്വാതന്ത്ര്യസമരം മുതൽ 1947ലെ സ്വാതന്ത്ര്യ ലബ്ധി വരെയുള്ള ഇന്ത്യൻ സമര ചരിത്രം,ബ്രിട്ടീഷ്പട്ടാളം , ഭരണാധികാരികൾ, ദേശീയ നേതാക്കൾ നയിച്ച സമരങ്ങൾ, വെടിവെപ്പ്, കലാപം.. ലാപ്ടോപ്പിൽ വിരൽ ചലിപ്പിക്കുന്നതിനനുസരിച്ച് സ്കീനിൽ വരുന്നു. ഒപ്പം ടീച്ചറുടെ വിരണവും.‘എങ്ങിനെയുണ്ട് സ്മാർട് ക്ലാസ് റൂം’ എന്ന ചോദ്യത്തിന് കുട്ടികൾക്ക് ഒരേസ്വരത്തിൽ മറുപടി പറഞ്ഞു-‘ക്ലാസ് റൂം സ്മാർട്, ഞങ്ങൾ വെരി സ്മാർട്ട്’. ഇത് പുതുക്കാട് നന്തിക്കര ഗവ. വെക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിലെ ‘സ്മാർട് ക്ലാസ് റൂം’. അതിൽ ലൈറ്റും ഫാനിനും പുറമെ ലാപ്ടോപ്, എൽസിഡി പ്രൊജക്ടർ, സ്ക്രീൻ, വൈറ്റ് ബോർഡ്, സൗണ്ട് സിസ്റ്റം, ഇന്റർനെറ്റ് കണക്ഷൻ, സ്റ്റാറ്റിക് ഐ പി കണക്ഷൻ തുടങ്ങിയവയുണ്ട്. ടച്ച് സക്രീനും പാഠപുസ്തകങ്ങൾ ഡിജിറ്റിലൈസ് ചെയ്ത സമഗ്ര പോർട്ടലും വരാൻ പോകുന്നു.

ഇത്തരത്തിൽ ഹൈടെക് സംവിധാനത്തോടെ നന്തിക്കര സ്കൂളിലുള്ളത് ഒമ്പത് ക്ലാസ് മുറികൾ. ലാപ്ടോപ്പ് സ്വന്തമായി ഓപ്പറേറ്റ് ചെയ്യുന്ന കുട്ടികൾ, ഐടി പോസ്റ്റർ, സ്ലൈഡുകൾ, പവർപോയിന്റ് പ്രസന്റേഷൻ, ഡിജിറ്റൽ മാഗസിനുകൾ, ഡിജിറ്റൽ പെയിന്റിങ്, വെബ് പേജ് നിർമാണം എന്നിവക്ക് ശേഷിനേടിയ കുട്ടികൾ. കമ്പ്യൂട്ടർ കേടായാൽ നന്നാക്കാനറിയുന്ന‘കുട്ടിക്കൂട്ടങ്ങളും’ ഉണ്ട്. പുതുക്കാട് മണ്ഡലത്തിലെ കുഗ്രാമങ്ങളിലൊന്നാണ് നന്തിക്കര. അവിടെ പഠിക്കുന്നത് ഭൂരിഭാഗവും സാധാരണക്കാരുടെയും തൊഴിലാളികളുടെയും മക്കൾ. 998 കുട്ടികളാണ് ഇക്കഴിഞ്ഞ അധ്യയന വർഷം പഠിച്ചത്. കൂടാതെ പ്രീപ്രൈമറി തലത്തിൽ 128 കുട്ടികളും. നിരവധി വർഷമായി എസ്എസ്എൽസിക്ക് നൂറു ശതമാനം വിജയം. അതിൽ നിരവധി പേർക്ക് എ പ്ലസ്. ജൈവ ഉദ്യാനവും ഗ്രീൻപ്രോട്ടോക്കോളുമടക്കം എല്ലാം സ്കൂളിലുണ്ട്. വിദ്യാലയത്തിന്റെ അക്കാമദിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കി. വിദ്യാർഥികൾക്കായി അഞ്ചു ബസ്സുകളുണ്ട്. സ്കൂളിൽ മാത്രമല്ല, എല്ലാ ക്ലാസിലും ലൈബ്രറിയുണ്ട്. മികവുത്സവം, ബാലോത്സവം, ശാസ്ത്രോത്സവം, കായികോത്സവം എന്നിവ കൃത്യമായി നടത്തുന്നു. കൃഷിയിറക്കൽ, കൃഷി പാഠം പദ്ധതികൾ, കുട്ടികളുടെ പഠനത്തിലെ പിന്നോക്കാവസ്ഥ പരിഹരിക്കാൻ ‘ശദ്ധ’ ക്ലാസുകൾ, ഭാഷ, ഗണിതം, ശാസ്ത്രം എന്നിവയിൽ ഒമ്പതാം ക്ലാസ് കുട്ടികൾക്കായി ‘നവ പ്രഭ’, ഭാഷാശേഷി വളർത്താൻ ‘മലയാള തിളക്കം, ഹലോ ഇംഗ്ലീഷ്, അച്ചി ഹിന്ദി’ ക്ലാസുകൾ, കുട്ടികളെ വളണ്ടിയർമാരാക്കി ‘വിദ്യാലയ നന്മ’, വിദ്യാർഥികളിൽ നിന്ന് ആഴ്ചയിൽ രണ്ടു രൂപ വീതം ശേഖരിച്ച് സാന്ത്വന പ്രവർത്തനം. കുട്ടികൾക്ക് നീന്തൽ പരിശീലനം, എസ്പിസി കാഡറ്റുകൾ, വയനാശീലം വളർത്താനുള്ള ‘എന്റെ പുസ്തകം, എന്റെ കുറിപ്പ്, എന്റെ എഴുത്തുപെട്ടി’, ക്ലാസ് പിടിഎ, സ്കോളർഷിപ്പ് പരീക്ഷകൾക്ക് പരിശീലനം, സ്കൂൾ വെബ് സൈറ്റ്, എല്ലാ കുട്ടികൾക്കും ഇ മെയിൽ ഐഡി തുടങ്ങി എല്ലാമെല്ലാം നന്തിക്കര സ്കൂളിന് സ്വന്തം. ഓരോ വർഷവും ‘കരഘോഷം’ എന്ന പേരിൽ വിദ്യാർഥികളും അധ്യാപകരും ചേർന്ന് സ്കൂളിലെ പദ്ധതികൾ വിവരിക്കുന്ന പത്രവും ഇറക്കുന്നു. കഴിഞ്ഞ



അധ്യയന വർഷം സംസ്ഥാനത്ത് ഒന്നര ലക്ഷത്തോളം കുട്ടികൾ സിബിഎസ്ഇ ഉപേക്ഷിച്ച് പൊതു വിദ്യാലയങ്ങളിൽ ചേർന്നതിന്റെ ഭാഗമായി നന്തിക്കര ഗവ. സ്കൂളിൽ ചേർന്നത് 220 പേർ. 111 വർഷം പഴക്കമുള്ള ഈ വിദ്യാലം പുതിയ അക്കാദമിക് വർഷത്തിൽ പുതിയ കെട്ടിങ്ങളിൽ എല്ലാ ക്ലാസ് മുറികളും ഹൈടെക്ക് ആയി സംസ്ഥാനത്തെ ആദ്യത്തെ അന്താരാഷ്ട്ര നിലവാരമുള്ള വിദ്യാലയമായി മാറും.

ഇത് നന്തിക്കരയിൽ മാത്രം ഒതുങ്ങുന്നതല്ല. നന്തിക്കര മോഡൽ കേരളത്തിലെ 14,000 വിദ്യാലയങ്ങളിലും നടപ്പാക്കുകയാണ്. പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം ആദ്യ വർഷം പിന്നിട്ടപ്പോൾ തന്നെ 1,45,00 കുട്ടികൾ പുതിയതായി ചേർന്നു. 2020-21 ആകുമ്പോൾ നവാഗതർ പത്തു ലക്ഷമെങ്കിലുമായി വർധിക്കുമെന്നാണ് പ്രതീക്ഷ. ഇതോടെ കേരളത്തിൽ സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിലെ കുട്ടികളുടെ എണ്ണം 58 ലക്ഷമാകും.

വിദ്യാഭ്യാസ മേഖലക്ക് ജിഡിപിയുടെ ആറു ശതമാനം നീക്കിവെക്കണമെന്ന കോത്താരി കമ്മീഷൻ ശുപാർശ ഇന്ത്യയിൽ ആദ്യമായി നടപ്പാക്കുക കേരളമായിരിക്കും. അതിന് സർക്കാർ മാത്രമല്ല, സമൂഹമാകെയുണ്ട്. വിദ്യാലയങ്ങളെ അന്തരാഷ്ട്ര നിലവാരത്തിലേക്കുയർത്താനുള്ള നിർമാണ പ്രവർത്തനത്തിന്റെ സംസ്ഥാന തല ഉദ്ഘാടനം കഴക്കൂട്ടം ഗവ. സ്കൂളിൽ നടന്നപ്പോഴുണ്ടായ അനുഭവം ഇതു സാക്ഷ്യപ്പെടുത്തുന്നു. പൂർവ വിദ്യാഥികളായ നടൻ പ്രേംകുമാർ അടക്കം മൂന്നു പേർ വിദ്യാലയത്തിന് സംഭാവന നൽകിയത് രണ്ടര ലക്ഷം രൂപ. ഈ സഹകരണം കഴക്കുട്ടത്ത് ഒതുങ്ങുന്നതല്ല. നാടാകെയുണ്ട്.

# ഇവർ ഞങ്ങളുടെ അഭിമാന താരങ്ങൾ....

## സംസ്ഥാനതല വിജയികൾ



ഗവ. എച്ച്എസ് നന്തിക്കരയിലെ മേഘ ആലപ്പുഴയിലെ സ്കൂളിൽ നടുന്നതിന് പൂച്ചെടി സമ്മാനമായി വളണ്ടിയേഴ്സിന് കൈമാറുന്നു

### കൈയിൽ പ്രളയപ്പൂച്ചെടികൾ; കവിതയിൽ പ്രതിഷേധം

ആലപ്പുഴ

പ്രളയത്തിൽ വീട് മുഴുവൻ മുങ്ങിയിട്ടും തൃശൂരിൽ നിന്ന് മേഘലയെത്തിയത് അച്ഛന്റെ നേഴ്സറിയിൽ അതിജീവിച്ച പൂച്ചെടികളുമായാണ്. ഹിന്ദി പദ്യം ചൊല്ലലിൽ എതിർശബ്ദങ്ങളെ നിശബ്ദമാക്കുന്ന വർഗീയശക്തികൾക്കെതിരെയുള്ള കവിതയുമായെത്തിയ മേഘലയ്ക്ക് ജീവിതത്തിലുമുണ്ട് സമരകഥകൾ.

ഫീസടയ്ക്കാൻ ഒരു ദിവസം വൈകിയതിന് പൊരിവെയിലത്ത് നിർത്തിയതിൽ പ്രതിഷേധിച്ചാണ് മേഘ സ്വകാര്യ സ്കൂൾ ഉപേക്ഷിച്ചത്. മകളുടെ അനുഭവത്തോടെ ഐസിഎസ്ഇ സ്കൂളിൽ അധ്യാപികയായിരുന്ന മീനയും ജോലി നിർത്തി. സ്വകാര്യസ്ഥാപനത്തിൽ മാനേജർ ജോലി അവസാനിപ്പിച്ച് ഫിലിക്സ് വീടിനോട് ചേർന്ന് കാർഷിക നേഴ്സറി തുടങ്ങി. മേഘ അവതരിപ്പിച്ച കവിതയാകട്ടെ, എൻസിഇആർടി പ്ലസ്വൺ പാഠപുസ്തകത്തിൽനിന്ന് സംഘപരിവാർ നീക്കം ചെയ്യാൻ ശ്രമിച്ച സബ്സെ ഖത്തർനാക് (ഏറ്റവും അപകടകരം). വിപ്ലവ കവി അവതാർ സിങ് സന്ധു (പാഷ്)വിന്റേതാണ് കവിത.

ആലപ്പുഴയിലെ സ്റ്റുഡന്റ് പൊലീസ് കേഡറ്റിൽ പ്രളയബാധിതരായ കൂട്ടുകാർക്ക് മേഘ സ്നേഹസമ്മാനമായി പൂച്ചെടികൾ നൽകി.

നന്തിക്കര ഗവ. ഹൈസ്കൂളിലെ ഒമ്പതാംക്ലാസ് വിദ്യാർഥിനിയാണ്.



ചോക്ക് നിർമ്മാണം സംസ്ഥാനതലം വിജയി




ജൈവവൈവിധ്യ പ്രോജക്റ്റ്



ഇലക്ട്രോണിക്സ്
സംസ്ഥാനതലം വിജയി

# ഇൻസ് പെയർ അവാർഡ് ജേതാക്കൾ



## കൂപ്പുകൈ



കൂപ്പുകൈയ്യുമായ് നിൽക്കുന്നു മുന്നിൽ
അമ്മേ പ്രകൃതീ നിൻ തിരുമുന്നിൽ
സ്വാർത്ഥരാം ഞങ്ങൾ ചെയ്
തൊരു തെറ്റുകൾ
പൊറുത്തു നീ ഞങ്ങളെ കാത്തീടേണേ

(കൂപ്പുകൈയ്യുമായ്.......)

ദുരന്തങ്ങളിൽനിന്നും പാഠമുൾക്കൊണ്ട്
മുന്നോട്ടു നീങ്ങുവാൻ കരുത്തേകണേ
ദുരിതകടലിൽ പെട്ടുഴലും ഞങ്ങൾക്ക്
താങ്ങായ് തണലായ് കരുണയേകണേ



(കൂപ്പുകൈയ്യുമായ്.......)

ശ്രീകുമാർ മാഷ്

# കല്ല്യാണ  വീട്ടും ഒരു രൂപയും

ഇത് ഞങ്ങളുടെ നാട്ടിൽ നടന്ന സംഭവമാണ്.നട്ടുച്ചക്ക് നന്തിക്കര സെന്റർ വഴി  ഹുഡ് അടിച്ച് കാജാ ബീഡിയും വലിച്ച്  തന്നനം തന്നനം പാടി നടക്കുമ്പോ പാണ്ടി ലോറി കേറി തല കൊളമായതെന്നാണ് നാട്ടാര് പറയണത്. എന്തായാലും ഇന്ന് നെല്ലായി ഗേറ്റ് മുതൽ കാരിക്കോട് കമ്പനി വരെയും  അവിടന്ന്  നന്തിക്കര സെന്റർ വരെയും നടക്കുന്ന, ഒരു പിച്ചക്കാരനെ പോലും വിടാതെ ഒരു രൂപ ചോദിക്കും നമ്മുടെ ഈ നായകൻ 'ഓളം മട്ട് സുരൻ' . ഒരിക്കൽ സുരൻ ഒരു കല്ല്യാണ വീട്ടിൽ പോയി ജോലി തുടങ്ങി.കല്ല്യാണം കഴിഞ്ഞ് ചെക്കനെയും പെണ്ണിനേയും സ്വീകരിക്കാൻ നിൽക്കുന്നവരുടെ ഇടക്ക്  കയറി ഒരു രൂപ ചോദിക്കുന്ന സുരനെ ഒഴിവാക്കാൻ ഒരുപാട് ശ്രമിച്ചെങ്കിലും നടന്നില്ല. അങ്ങനെ നമ്മുടെ നാട്ടിലെ സൂപ്പർ സ്റ്റാർ വന്നു. ആളുകളെ ചളിയടിച്ച് വെറുപ്പിക്കുന്ന കൗമാരക്കാരൻ. പേരു വെളിപ്പെടുത്തുന്നില്ല.

നമ്മടെ ചേട്ടൻ വന്ന് സുരനോട് പറഞ്ഞു

ഹലോ.....ചേട്ടാ ഇങ്ങനെ ഒരു രൂപ കെഞ്ചി കെഞ്ചി ചോദിക്കല്ലേ. നിനക്കുള്ളത് ദൈവം കരുതി വച്ചിട്ടുണ്ട്. നിലത്തു നിന്ന്  ഒരു രൂപ കിട്ടിയാൽ ഒരു ജ്യോതി പ്രത്യക്ഷപ്പെടും .പിന്നെ എത്ര രൂപ ചോദിച്ചാലും തരുമെന്നും പറഞ്ഞു. ആ  ചേട്ടൻ അവിടെ നിന്ന് സുരനെ ഒഴിവാക്കാൻ പറഞ്ഞതാണ്. പക്ഷെ ഇന്നും സുരൻ ഒരു രൂപ തപ്പി നടക്കുന്നു .സൂപ്പർ സ്റ്റാർ ചേട്ടൻ പറഞ്ഞ ഒരു രൂപ തപ്പി നന്തിക്കര സെന്റർ  ടു കാരിക്കോട് കമ്പനി ടു നെല്ലായി ഗേറ്റ് .........

വീണ്ടും നടക്കാൻ സുരന്റെ ജീവിതം ബാക്കി.....


നിരഞ്ജന കെ എസ്

**VIII.D**



**അദ്വൈത്**

**IX.C**




ആഷിഷ് വി മാർട്ടിൻ

VII.B





# പെരുവെള്ളം



മഴതുള്ളി കുളിർമഴതുള്ളി
പലതുള്ളിയാകുന്ന തുള്ളി
കളകളംപാടുന്ന
കാട്ടുപൂഞ്ചോലയിൽ
ശ്രുതി ചേർത്തൊഴുകുന്ന തുള്ളി
സസ്യലതാദികൾ ഹരിതാഭമാകുവാൻ
വേരു നണയുന്ന തുള്ളി
ഓരോ മലരിന്റെ ഓമൽ കിനാവിലും
പൂന്തേനിറ്റിക്കുന്ന തുള്ളി
നീലകരിമ്പിന്റെ കാണ്ഡത്തിനുള്ളിലെ
കൽക്കണ്ടമാകുന്ന തുള്ളി


രോഹിത്ത് എം ജിത്ത്
X A

# തുമ്പിക്കൈ



അങ്ങോട്ടുമിങ്ങോട്ടും
ആലോലമാട്ടുവാൻ
ആനക്ക് കണ്ടോ തുമ്പിക്കൈ

വെള്ളം നിറക്കാനും
ചീറ്റി കളിക്കാനും
ആനക്ക് കണ്ടോ തുമ്പിക്കൈ



കുസൃതികിടാങ്ങളെ
കല്ലെറിഞ്ഞോടിക്കാൻ
ആനക്ക് കണ്ടോ തുമ്പിക്കൈ

നീരാട്ടു തീരവേ
പൗഡറു പൂശുവാൻ
ആനക്ക് കണ്ടോ തുമ്പിക്കൈ

കൃഷ്ണകുമാർ കെ
**X. A**



കൃഷ്ണകുമാർ കെ
X A

# മരം ഒരു വരം

ഒരിടത്ത് മാധവനും മാധവിയും ചെറിയ സിന്ദൂരം എന്ന ഗ്രാമത്തിൽ താമസിച്ചിരുന്നു.അവർ രണ്ടു പേരും കുഴിമടിയൻമാരായിരുന്നു.ഒരു ദിവസം മാധവിക്ക് ഉണ്ണിയപ്പം ഭക്ഷിക്കുവാൻ മോഹം.അപ്പോൾ മാധവൻ പറഞ്ഞു മാധവി, ഇന്നലെ വിറക് കഴിഞ്ഞതല്ലെ.അതുകാരണം ഇന്നു ഞാൻ വിറക് എടുക്കാൻ കാട്ടിലേക്ക് പോകുന്നു".മാധവൻ കുളിച്ചൊരുങ്ങി വീട്ടിൽ നിന്നിറങ്ങി.വിറക് എടുക്കാൻ പോകുന്ന വഴിയിൽ അവൻ ഒരു കുട്ട കണ്ടു.അവൻ ആ കുട്ട പിടിച്ച് നടന്നു.വിറക് എടുക്കുന്ന സ്ഥലം എത്തിയപ്പോൾ വിറകൊന്നും അവിടെ കണ്ടില്ല.അവൻ കുറച്ച് ദൂരം നടന്നപ്പോൾ അവൻ ഒരു മഴു കണ്ടു.അപ്പോൾ അവന് ഒരു ബുദ്ധി തോന്നി. അവൻ മഴു എടുത്ത് കാട്ടിലെ മരം മുറിക്കാൻ തുടങ്ങി.അങ്ങനെ അവൻ ഒരു മരം മുറിച്ചു.അതു വഴി പറന്നു പോയ മല്ലി കാക്ക അതു കണ്ടു.അപ്പോൾ മല്ലി കാക്ക മാധവനോട് പറഞ്ഞു,"മരങ്ങൾ മുറിക്കുവാൻ പാടില്ല,മരങ്ങൾഇല്ലാതായാൽ കുറച്ച് നാളുകൾക്ക് ശേഷം നമ്മുടെ ഈ ഗ്രാമത്തിൽ വരൾച്ച അനുഭവപ്പെടും".മാധവൻ പറഞ്ഞു"ഞാൻ ഒരു മരം മുറിച്ചു അതിന് പരിഹാരം എന്താണ്.അപ്പോൾ മല്ലി കാക്ക പറഞ്ഞു".ഒരു മരം വെട്ടിയാൽ പത്ത് മരം വച്ചു പിടിപ്പിക്കണം".എന്നാൽ ശരി മല്ലി കാക്കേ എന്ന്പറഞ്ഞ് വെട്ടിയിട്ട മരത്തിൻെറ ശാഖയും എടുത്ത് കൊണ്ട് മാധവൻ നടന്നു.വീട്ടിലെത്തിയ മാധവൻ മല്ലികാക്ക പറഞ്ഞ വിവരം മാധവിയോട് പറഞ്ഞു.അവർ അപ്പമുണ്ടാക്കി തിന്നതിനു ശേഷം , രണ്ടുപേരും ചേർന്ന് ഓരോ മരങ്ങൾ വെച്ചു പിടിപ്പിച്ചു.

ശ്രേയ കെ എസ്സ്


VIII B

# ജീവജലം



പണമുള്ളവനും
പണമായവനും
കൈകൾ നീട്ടുന്നു
ദാഹം തീർക്കാൻ
ജലത്തിനായി
കൈകൾ നീട്ടുന്നു

മരങ്ങളെല്ലാം
മുറിച്ചു മാറ്റി
മണ്ണിൻ മാറിൽ
യന്ത്രമിറക്കി
വയല് നികത്തി
മണല് കടത്തി




മഴയും മേഘവും
ഇല്ലാതെയാക്കി
നമ്മുടെ നാടൊരു
മരുഭൂവായി
കുന്നായ് മാറിയ
പണവും കൊണ്ട്
ദാഹം മാറ്റാമോ......?

മറുപടി പറയാമോ........

കൃഷ്ണവേണി
X A



അദ്വൈത്

IX C


# സ്നേഹ ഹസ്തങ്ങൾ



ജീവിതത്തിൻ ആദ്യപാഠങ്ങൾ
എന്നിലേക്ക് പ്രദാനം ചെയ്ത
എന്റെ ഹൃദയത്തിലെ
പാപകറകളെ മാറ്റിയ

മനസ്സിൽ നിറയെ നന്മകൾ
മാത്രമായ് എന്നെയെന്നുമെന്നും
വാരി പുണരുന്ന
എന്റെ അച്ഛനമ്മമാർ

സ്നേഹത്തിൻ കൈകളായി
അറിവിൻ ദീപമായി
മായാതെ ശോഭിക്കുന്ന
എന്റെ അച്ഛനമ്മമാർ



മേഘ
IX C



ആഷിഷ് വി മാർട്ടിൻ
VII B

## അദ്വൈതം


ഏകനായ് ഞാനെന്നും ഏകനായ്
എന്നും എന്തിനോ മോഹം

തുടിക്കുന്നു മെല്ലെ,
ഇല്ലില്ലയില്ല മോഹമില്ല
നിന്നിൽ മോഹവും സ്വപ്നവുമൊന്നുമില്ല

ഇല്ലില്ല കണ്ണിൽ മഷിയുമില്ല,
നിന്റെ കാതിലോ പൊന്നിൻ കമ്മലില്ല
സ്വപ്നങ്ങളൊന്നും  ഇല്ലയില്ലാ.....
നിൻ കൂടെയോ ഇന്നും ആരുമില്ല......

സാന്ദ്ര വി എസ്സ്
X D

# സമയം




വിദ്യ കൊടുത്തും
പണംകൊടുത്തും
മനുഷ്യ ബുദ്ധിക്ക്
തിരിച്ചെടുക്കാൻ
കഴിയാത്ത മന്ത്രം
നഷ്ടമായാൽ നേടാനാവില്ല
പവിഴപുറ്റുകളേക്കാൾ
അമൂല്യമേറിയ  രത്നം.....

എയ്ഞ്ചൽ റോസ്
IX C

# കൂടെ

കൂടെ  നടക്കാനും
കൂടെ  കളിക്കാനും
കൂടെ  കരയാനും
കൂടെ  ചിരിക്കാനും
കൂടെ  പാടാനും
കൂടെ  ആടാനും
കൂടെ  പഠിക്കാനും
എന്റെ  കൂടെ   എന്നുമെന്റെ
പ്രിയ  മിത്രം...

മേഘ ഫെലിക്സ്
IX C

# ആഴക്കടൽ

അറിവിൻ വിശാലമാം ലോകത്തെയെൻ
കൊച്ചു ഹൃദയത്തിലേക്ക് പകർന്നുതന്നു
എപ്പഴോ  എന്നിൽ നിറഞ്ഞൊരാസ്നേഹ-
മതിന്നുച്ചിയിൽ എത്തിനില്ക്കുന്ന നേരം
ഞാനോർത്തുപോയ്  എന്നോ ഞാനെന്റെ
ഗുരുഭൂതനെയെൻ മനസ്സിന്റെ ആഴങ്ങളിൽ
പ്രതിഷ്ഠിച്ചുവോ, അച്ഛനായ് അമ്മയായ്
എന്നുമെൻ കൺതുറപ്പിച്ചൊരു ദൈവമായ്.

ലീലാമണി ടീച്ചർ

# മറുമൊഴി

ഇത് ഒരു സ്വപ്നസാക്ഷാത്കാരമാണ്....കുട്ടികളുടെ സർഗ്ഗാത്മകതയെ ചുരുക്കം ചില താളുകളിലൊതുക്കി അതിനെ ഡിജിറ്റലാക്കുക... അതൊരു മോഹനസ്വപ്നമായിരുന്നു.ഈ ഡിജിറ്റൽയുഗത്തിൽ ഭാവനാശാലികളായ ഒരു കൂട്ടം വിദ്യാർത്ഥികളുടെ ആത്മസമർപ്പണം ബ്രോഡ് ഹൊറൈസൻ എന്ന ഡിജിറ്റൽ മാഗസിനായി നന്തിക്കരയിൽ നവചരിത്രം രചിച്ചു. ഒരു ചിത്രപതംഗത്തെ ചിറക് മുളപ്പിച്ച് പുത്തൻ ചക്രവാളങ്ങൾ കീഴടക്കാൻ പ്രാപ്തരാക്കിയ പ്രിയപ്പെട്ടവരേ നിങ്ങൾക്ക് നന്ദി.........

